MIGRATION CONCLAVE 2024

കേരളം

INTERNATIONAL CONGRESS ON KERALA STUDIES

18 19 20 21

THIRUVALLA

# മൈഗ്രേഷൻ കോൺക്ലേവ് 2024

2024 ജനുവരി 19,20,21 | തിരുവല്ല

# ജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പത്തനംതിട്ടയുടെ പരിവർത്തനവും പ്രവാസികളും

(മൈഗ്രേഷൻ കോൺക്ലേവ് 2024 സംവാദങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ നയരേഖ)




Introducing IMPERIO

An exclusive Savings Account that will open a world of privileges and benefits to the Rubber Board Employees.

**Key Features:**

- Power-packed Debit Card
- Dedicated Relationship Manager
- Wealth Management Services
- Birthday Month 2x Reward Points
- Concierge Services
- Airport Lounge Access
- Prioritised Customer assistance
- Insurance Benefits
- Gifts & Rewards
- Personalized Digital Touch points
- Concession on Loans*, Locker Rent, Demat & PIS charges

*Conditions apply

24x7 1800 420 1199
1800 425 1199
+91 484 2630994/5 (NRI)

www.federalbank.co.in

## ജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പത്തനംതിട്ടയുടെ പരിവർത്തനവും പ്രവാസികളും

**(മൈഗ്രേഷൻ കോൺക്ലേവ് 2024 സംവാദങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ നയരേഖ)**

ജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പരിവർത്തനമാണ് കേരളത്തിന്റെ പുതിയ വികസനതന്ത്രം. പുനർവിതരണത്തിൽ ഊന്നിക്കൊണ്ടുള്ള വികസന നയങ്ങൾ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക മറ്റുള്ള പ്രദേശങ്ങൾക്ക് അപ്രാപ്യമായ മെച്ചപ്പെട്ടൊരു ജീവിതം ഉറപ്പാക്കി. ഉയർന്ന കൂലി, കിടപ്പാടമെങ്കിലും എല്ലാവർക്കും ഉറപ്പാക്കിയ ഭൂപരിഷ്കരണം, സാർവ്വത്രിക വിദ്യാഭ്യാസ-ആരോഗ്യാദി സാമൂഹ്യക്ഷേമ സൗകര്യങ്ങൾ എന്നിവയാണ് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തിയത്. ഈ നേട്ടങ്ങൾ അഭ്യസ്തവിദ്യരും ഉയർന്ന പ്രതീക്ഷകളുമുള്ള ഒരു പുതിയതലമുറയെ സൃഷ്ടിച്ചിരിക്കുന്നു. ഇവരുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള ഉയർന്ന വരുമാനം നൽകുന്ന തൊഴിലുകൾ എങ്ങനെ കേരളത്തിൽ സൃഷ്ടിക്കാം എന്നതാണ് ഇന്നത്തെ വെല്ലുവിളി. ഇതിനു കേരള സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന തന്ത്രത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന്, കേരളത്തിന്റെ പശ്ചാത്തലസൗകര്യ പിന്നോക്കാവസ്ഥ മറികടക്കണം. രണ്ട്, കേരളത്തെ ഒരു ജ്ഞാനസമ്പദ്ഘടനയായി രൂപാന്തരപ്പെടുത്തണം.

ഇവയിൽ ഒന്നാമത്തെ ലക്ഷ്യം കിഫ്ബിയും മറ്റും വഴി സമാന്തരമില്ലാത്ത പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നു. ജ്ഞാനസമ്പദ്ഘടന എന്ന രണ്ടാമത്തെ ലക്ഷ്യം കൈവരിക്കുന്നതിൽ പ്രവാസികളുടെ പങ്ക് എന്തെന്ന ചോദ്യത്തിനാണ് "മൈഗ്രേഷൻ കോൺക്ലേവ്" 2024 ഉത്തരം അന്വേഷിച്ചത്.

**1) ജ്ഞാനസമ്പദ്ഘടനയും ജ്ഞാനസമൂഹവും**

എന്താണ് ജ്ഞാനസമ്പദ്ഘടന?

ഇന്ന് കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും ഉപജീവനം തേടുന്നത് താഴ്ന്ന ഉല്പാദനക്ഷമതയുള്ള പരമ്പരാഗത സാങ്കേതികവിദ്യകളും രീതികളും ഉപയോഗിച്ചുകൊണ്ടുള്ള ചെറുകിട മേഖലകളിലാണ്. പല കാരണങ്ങൾകൊണ്ടും ഈ മേഖലകളിലെ സാങ്കേതികനവീകരണം വളരെ മന്ദഗതിയിലാണു നടക്കുന്നത്. ഈ സ്ഥിതിവിശേഷത്തിൽ മാറ്റംവരുത്തിയേ ആഗോളവൽക്കരണ ലോകത്തിൽ നമുക്ക് മത്സരിച്ചു മുന്നേറാനാകൂ. അതുകൊണ്ട് ഇവയുടെ സാങ്കേതിക അടിത്തറ എത്രയും വേഗത്തിൽ ഏറ്റവും ഉയർന്ന ശാസ്ത്രസാങ്കേതികവിദ്യകളുടെ അടിസ്ഥാനത്തിലാക്കണം. ഉല്പാദനക്ഷമത ഉയർത്തിക്കൊണ്ടു മാത്രമേ തൊഴിലെടുക്കുന്നവരുടെ വരുമാനം ഉയർത്താനാകൂ. മാത്രമല്ല, അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ഈ മേഖലകളാണ് അഭികാമ്യം. ഇതാണ് ജ്ഞാനസമ്പദ്ഘടന ലക്ഷ്യമിടുന്ന ആദ്യത്തെ കാര്യം.

അതോടൊപ്പം വിജ്ഞാന കേന്ദ്രീകൃതവും നൈപുണി സാന്ദ്രവും സേവന പ്രധാനവും നമ്മുടെ പ്രകൃതിക്കും മനുഷ്യവിഭവശേഷിക്കും അനിയോജ്യവുമായ തൊഴിൽതുറകളിലേക്ക് കോർപ്പറേറ്റ് നിക്ഷേപത്തെ വലിയ തോതിൽ ആകർഷിക്കാനാകണം. ഐടി, ബിടി, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽ മെഡികെയർ, ടൂറിസം തുടങ്ങിയ മേഖലകൾ ഇത്തരത്തിലുള്ളവയാണ്.

കോർപ്പറേറ്റ് മൂലധനത്തിനു പുറമേ സ്റ്റാർട്ട് അപ്പുകൾക്കും ചെറുകിട സ്ഥാപനങ്ങൾക്കും ഈ മേഖലകളിൽ വലിയ പങ്കുവഹിക്കാനാകും. കേരളത്തിലെ സ്റ്റാർട്ട് അപ്പ് ഇക്കോ വ്യൂഹം ഇന്ന് ഇന്ത്യയിൽ ഒന്നാമത്തേതാണെന്ന വസ്തുത ഇക്കാര്യത്തിൽ ഒട്ടേറെ ശുഭപ്രതീക്ഷ നൽകുന്നു. അഭ്യസ്തവിദ്യരായ യുവതലമുറയിൽ നിന്ന് ഒരു പുതിയ തലമുറ സംരംഭകർ വളർന്നുവരും.

പുതിയ ശാസ്ത്രസാങ്കേതികവിദ്യകളെ ഉപയോഗപ്പെടുത്തി കേരളത്തിലെ കർമ്മശേഷിയെ പൂർണ്ണമായും വിനിയോഗിക്കാനാകണം. ഇന്ന് കേരളം ഏറ്റവും ഉയർന്ന തൊഴിലില്ലായ്മയുള്ള സംസ്ഥാനമാണ്. അതുപോലെ തന്നെ ഏറ്റവും കുറഞ്ഞ ശതമാനം ആളുകൾ തൊഴിലെടുക്കുന്ന സംസ്ഥാനവുമാണ്. സ്ത്രീകളിൽ 20 ശതമാനത്തിൽ താഴെ മാത്രമേ വീടിനു പുറത്തുള്ള തൊഴിലുകളിൽ ഏർപ്പെടുന്നുള്ളൂ. ഇങ്ങനെ തൊഴിൽസേനയ്ക്ക് പുറത്തു നിൽക്കുന്നവർ അഭ്യസ്തവിദ്യരാണ്. നൈപുണി പരിശീലനത്തിലൂടെ അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം ഉയർത്തി വീടിനടുത്തോ വീട്ടിനകത്തോ പുതിയ സാങ്കേതികവിദ്യകളെ

ഉപയോഗപ്പെടുത്തി തൊഴിൽ നൽകാൻ കഴിഞ്ഞാൽ അത് കേരള സമ്പദ്ഘടനയിൽ ഒരു കുതിച്ചുചാട്ടത്തിനു വഴിയൊരുക്കും.

ഇതെല്ലാം സുഗമമായി നടക്കണമെങ്കിൽ അനുപേക്ഷണീയമായ ഒന്നുണ്ട്. നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഗണ്യമായി ഉയരണം. വിജ്ഞാനം പകർന്നു നൽകുന്ന സ്ഥാപനങ്ങളെന്ന നിലയിൽ നിന്ന് വിജ്ഞാനം ഉല്പാദിപ്പിക്കുന്നവയായി അവ മാറണം. പുതിയ വിജ്ഞാനത്തെ സാങ്കേതികവിദ്യകളും ഉല്പന്നങ്ങളുമായി രൂപാന്തരപ്പെടുത്തുന്നതിനാവശ്യമായ ഇനവേഷൻ ഇക്കോ വ്യവസ്ഥ സൃഷ്ടിക്കപ്പെടണം. കേരള വികസനത്തിന്റെ ഒന്നാംഘട്ടത്തിൽ എന്താണോ സാർവ്വത്രിക സ്കൂൾ വിദ്യാഭ്യാസം വഹിച്ച പങ്ക് അതേ സ്ഥാനം രണ്ടാംഘട്ടത്തിൽ ഉന്നതവിദ്യാഭ്യാസത്തിനായിരിക്കും.

മേൽപ്പറഞ്ഞ മാറ്റങ്ങൾക്കെല്ലാംകൂടെ നാം നൽകുന്ന ചുരുക്കപ്പേരാണ് 'ജ്ഞാനസമ്പദ്ഘടന' എന്നു പറയാം. സമ്പദ്ഘടനയിലെ സാങ്കേതികാടിത്തറ വളരെ ഉയർന്ന ഉല്പാദനക്ഷമതയുള്ള നാലാം വ്യവസായ വിപ്ലവത്തിന്റെ സാങ്കേതികവിദ്യകളുടെ അടിസ്ഥാനത്തിലാക്കി ഉയർത്തുന്നതിനാണു നാം ലക്ഷ്യമിടുന്നത്.

വിജ്ഞാനസമൂഹമെന്നത് കൂടുതൽ വിശാലമായ ഒരു ജനാധിപത്യ സങ്കല്പമാണ്. വിജ്ഞാനസമ്പദ്ഘടനയ്ക്കു നൽകുന്ന ഊന്നൽ ഈ ആശയത്തെ നിരാകരിക്കുന്നില്ല. ഭാവി കേരള സമൂഹത്തിന്റെ സാമ്പത്തികാടിത്തറ വിജ്ഞാനസമ്പദ്ഘടന ആയിരിക്കുമെന്നതിന് അടിവരയിടുക മാത്രമേ ചെയ്യുന്നുള്ളൂ. യുനസ്കോ വിജ്ഞാനസമൂഹത്തിന്റെ നാല് തൂണുകളായി വിവരിക്കുന്നവ ഇവയാണ്: അഭിപ്രായ സ്വാതന്ത്ര്യം, വിവരവും വിജ്ഞാനവും എല്ലാവർക്കും പ്രാപ്യമാക്കൽ, സാംസ്കാരിക-ഭാഷാ വൈവിധ്യത്തെ അംഗീകരിക്കൽ, എല്ലാവർക്കും നല്ല വിദ്യാഭ്യാസം. ഇന്നത്തെ കാലഘട്ടത്തിൽ ഇത്തരമൊരു വിശാലസങ്കല്പത്തിന്റെ പ്രാധാന്യം വിവരിക്കേണ്ടതില്ലല്ലോ.

സാമൂഹ്യ-സാമ്പത്തിക നീതി, അധികാരവികേന്ദ്രീകരണം, മാനവവിഭവ വികസനം, സാമൂഹ്യ-വിവരവിനിമയ പശ്ചാത്തലസൗകര്യം, സാംസ്കാരിക ഉയർച്ച, പാരിസ്ഥിതിക സന്തുലനം തുടങ്ങിയവയെല്ലാം വിജ്ഞാനസമൂഹത്തിന്റെ അനുപേഷണീയ ഘടകങ്ങളാണ്. ഇതിൽ പലതിലും നാം മുന്നിലാണ്. മറ്റു പലതിനും നമ്മൾ വലിയ പ്രാധാന്യം നൽകാൻ ശ്രമിക്കുന്നുമുണ്ട്. ഇന്നു നമ്മൾ പിന്നിൽ നിൽക്കുന്നത് വിജ്ഞാനത്തെ സാമ്പത്തിക അടിത്തറയിൽ സന്നിവേശിപ്പിക്കുന്നതിലാണ്. അതുകൊണ്ടാണ് ജ്ഞാനസമ്പദ്ഘടനയിൽ ഊന്നുന്നത്.

**2) ജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പരിവർത്തനത്തിൽ പ്രവാസികൾ**

താഴ്ന്ന ഉപഭോഗം, താഴ്ന്ന സമ്പാദ്യം, താഴ്ന്ന നിക്ഷേപം, താഴ്ന്ന വളർച്ച, താഴ്ന്ന വരുമാനം ഇത്തരത്തിലുള്ള തികച്ചും പിന്നോക്കമായ ഒരു പ്രദേശമായിരുന്നു സംസ്ഥാനം രൂപീകൃതമായപ്പോൾ കേരളം. എന്നാൽ ഇന്ന് ഉയർന്ന ഉപഭോഗം, ഉയർന്ന സമ്പാദ്യം, ഉയർന്ന വളർച്ച, ഉയർന്ന വരുമാനം എന്നൊരു മുന്നോക്ക സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഈ പരിവർത്തനത്തിലെ നിർണ്ണായക കണ്ണി പ്രവാസമാണെന്ന് ഒന്നാം കേരള പഠന കോൺഗ്രസ് ചൂണ്ടിക്കാണിക്കുകയുണ്ടായി.

എന്നാൽ ഉപഭോഗത്തിനും നിർമ്മാണത്തിനുമുള്ള സാമഗ്രികൾ കേരളത്തിൽ ഉല്പാദിപ്പിക്കുകയല്ല, മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുകയാണു ചെയ്യുന്നത്. കേരളത്തിന്റെ വ്യാപാര കമ്മി കുത്തനെ ഉയർന്നു. ഈ ചോർച്ചമൂലം പ്രവാസ പണത്തിന്റെ മൾട്ടിപ്ലയർ ഇംപാക്റ്റ് പരിമിതമായിരുന്നു. കാർഷിക-വ്യവസായമേഖലകളിലെ നിക്ഷേപം ഉയർന്നില്ല. എന്നാൽ ഉപഭോഗ-സേവന മേഖലകൾ അഭിവൃദ്ധിപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ സാമ്പത്തിക വളർച്ചാ നിരക്ക് ഗണ്യമായി ഉയർന്നു. പ്രതിശീർഷ വരുമാനത്തിൽ കേരളം ദേശീയ ശരാശരിയുടെ 60 ശതമാനത്തിലധികമായി ഉയർന്നു. എന്നാൽ കാർഷിക-വ്യവസായ മേഖലകളിലെ പിന്നോക്കാവസ്ഥ തുടർന്നു. തൊഴിലില്ലായ്മ പരിഹരിക്കാനായില്ല.

മേൽപ്പറഞ്ഞ സ്ഥിതിവിശേഷത്തിനു പ്രവാസികളെ കുറ്റംപറയുന്ന പ്രവണതയെ പഠന കോൺഗ്രസുകൾ നിശിതമായി തള്ളിക്കളഞ്ഞിട്ടുണ്ട്. 2005-ലെ രണ്ടാമത് കേരള പഠന കോൺഗ്രസ് ഇങ്ങനെയാണു വിമർശിച്ചത്:

"ഗൾഫ് പണ വരുമാനം ആഭ്യന്തര മേഖലയിൽ അനുകൂലമായി പ്രത്യാഘാതം സൃഷ്ടിക്കാൻ കഴിയാതെ പോയതിന്റെ പാപഭാരം മുഴുവൻ ഗൾഫ് കുടിയേറ്റക്കാരുടെ തലയിൽ ചുമത്തുന്ന ചില പണ്ഡിതന്മാരുടെ നിലപാട് ശരിയല്ല. തങ്ങളുടെ വരുമാനത്തിൽ നല്ല പങ്ക് സുരക്ഷിതമായ ആസ്തികളോ ബാങ്ക് ഡെപ്പോസിറ്റുകളോ ആയി മാറ്റുന്ന ഗൾഫുകാരെക്കുറിച്ചുള്ള വിമർശനം ഉപരിപ്ലവമാണ്. ഇവയെ ഉല്പാദനപരമായി പ്രയോജനപ്പെടുത്തുന്നതിനു സമ്പദ്ഘടനയ്ക്കു കഴിയുന്നില്ലായെന്നത് അവരുടെ തെറ്റല്ല... നമ്മുടെ ആന്തരിക സാമ്പത്തികഘടനകളുടെ ദൗർബല്യവും അശാസ്ത്രീയവും ഭാവനാശൂന്യമായ വികസന നയങ്ങളും സർവ്വോപരി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളും ഗൾഫ് പണവരുമാനം സൃഷ്ടിക്കുന്ന സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനു തടസ്സം നിൽക്കുന്നു."

കേന്ദ്ര സർക്കാരിന്റെ നയങ്ങളെ തിരുത്തുന്നതിനുള്ള ശ്രമങ്ങൾ തുടരണം. അതോടൊപ്പം നമ്മുടെ അഭ്യന്തര വികസന നയങ്ങളിലും പൊളിച്ചെഴുത്ത് വേണ്ടതുണ്ട്. അതാണ് വിജ്ഞാനസമ്പദ്ഘടന എന്ന പുതിയ സങ്കല്പത്തിലൂടെ കേരള സർക്കാർ ചെയ്യാൻ ശ്രമിക്കുന്നത്. ഇതിനു മുമ്പുണ്ടായ കേരള പഠന കോൺഗ്രസുകൾ പ്രവാസവുമായി ബന്ധപ്പെട്ട വികസന നയങ്ങളെ ഗൗരവമായ ചർച്ചയ്ക്കു വിഷയമാക്കിയിട്ടുണ്ട്. അവയെ അഞ്ചായി തിരിക്കാം. (1) കേന്ദ്ര നയങ്ങൾ, (2) പ്രവാസി ക്ഷേമം, (3) സാംസ്കാരികം, (4) തിരിച്ചുവരുന്നവരുടെ ഉദ്ഗ്രഥനം, (5) സംരംഭകത്വ വികസനം.

മേൽപ്പറഞ്ഞവയ്ക്കു പുറമേ അഞ്ചാമത് അന്തർദേശീയ കേരള പഠന കോൺഗ്രസ് പുതിയൊരു വിഷയം ചർച്ചയ്ക്ക് എടുക്കുകയാണ്. കേരളത്തിന്റെ അടുത്ത വികസന ലക്ഷ്യം സംസ്ഥാനത്തെ ഒരു ജ്ഞാനസമ്പദ്ഘടനയായി രൂപാന്തരപ്പെടുത്തലാണല്ലോ. ഈ നിർണ്ണായക പരിവർത്തനത്തിൽ പ്രവാസികളുടെ പങ്കെന്ത്? ഇതുമായി ബന്ധപ്പെട്ട് നാല് പ്രമേയങ്ങൾ മൈഗ്രേഷൻ കോൺക്ലേവ് 2024 വിശദമായി ചർച്ച ചെയ്തു.

1) **ഉന്നതവിദ്യാഭ്യാസത്തിനു പിന്തുണ:-** കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ അഴിച്ചുപണിക്കും ഗുണനിലവാരം ഉയർത്തുന്നതിനും പ്രവാസികൾക്ക് എന്തു പങ്കുവഹിക്കാൻ കഴിയും? കേരളത്തിനു പുറത്തുള്ള അധ്യാപകർക്കും ഗവേഷകർക്കും വിദഗ്ദർക്കും അവർ പഠിച്ച കോളേജുകളിലെയും സർവ്വകലാശാലകളിലെയും അക്കാദമിക് പ്രവർത്തനങ്ങൾക്ക് ഏതെല്ലാം രീതിയിൽ പിന്തുണ നൽകാൻ കഴിയും? കേരളത്തിൽ ഇന്നുള്ള അധ്യാപകരുടെയും ഗവേഷകരുടെയും രണ്ടോ മൂന്നോ മടങ്ങ് പ്രവാസി അധ്യാപകരും ഗവേഷകരും ഉണ്ടെന്ന യാഥാർത്ഥ്യം ഈയൊരു അന്വേഷണത്തിന്റെ പ്രാധാന്യത്തിലേക്കു വിരൽചൂണ്ടുന്നു.

2) **നൈപുണി പരിശീലനം:-** ദേശീയ-അന്തർദേശീയ തൊഴിൽ കമ്പോളത്തിൽ മാറിമാറി വരുന്ന തൊഴിൽ-നൈപുണി ആവശ്യങ്ങൾക്ക് അനുസൃതമായി കേരളത്തിൽ വിദ്യാർത്ഥികൾക്കും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്കും തൊഴിൽ പരിശീലനം നൽകേണ്ടതുണ്ട്. ഈ പരിശ്രമങ്ങളിൽ പ്രവാസികൾക്ക്, പ്രത്യേകിച്ച് സ്ഥാപനങ്ങളുടെയും മറ്റും ഉന്നതതലങ്ങളിൽ പ്രവർത്തിക്കുന്നവർക്ക്, എന്തു പങ്കുവഹിക്കാൻ കഴിയും? പ്രവാസികൾക്കു തങ്ങൾ ബന്ധപ്പെടുന്ന സ്ഥാപനങ്ങളുടെ സമീപഭാവിയിലെ നൈപുണി ആവശ്യങ്ങൾ മാപ്പ് ചെയ്യാൻ കഴിയും. ഇതിനായുള്ള ബന്ധപ്പെടലുകൾ തുടർച്ചയായും ചിട്ടയായും നടത്തുന്നതിന് എന്തു പ്രത്യേക സംവിധാനങ്ങളാണു വേണ്ടത്?

3) **സംരംഭകത്വ വികസനം:-** കേരളത്തിലെ നവസംരംഭകർക്കു പിന്തുണ നൽകുന്നതിനു പ്രവാസി സംരംഭകർക്കും വിദഗ്ദർക്കും വലിയ പങ്കുവഹിക്കാൻ കഴിയും. ആഗോള കമ്പോളത്തിൽ നിന്നുള്ള സബ് കോൺട്രാക്ടുകളെ അടിസ്ഥാനമാക്കി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ വലുതാണ്. ഇക്കാര്യത്തിൽ പ്രവാസികൾക്ക് എന്തു സംഭാവന ചെയ്യാൻ കഴിയും? തിരിച്ചുവരുന്ന പ്രവാസികളുടെ സംരംഭങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചും ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യാവുന്നതാണ്.

4) **വയോജന സംരക്ഷണം:-** പ്രവാസികളുടെ നാട്ടിലെ വീടുകളിലെ വയോജനങ്ങളുടെ സംരക്ഷണത്തിന് ഏതുതരത്തിലുള്ള സംവിധാനമാണ് അഭികാമ്യം? സേവനങ്ങളുടെ സ്വഭാവമനുസരിച്ച് ചെലവിനുള്ള ഫീസ് നൽകുന്നതിനു സന്നദ്ധമാകുമോ? ശാസ്ത്രീയ സാന്ത്വനപരിചരണവും ഭക്ഷണവും ഹൗസ് കീപ്പിംഗും എങ്ങനെ ലഭ്യമാക്കാം? ഇതിനായി തയ്യാറാക്കുന്ന കുടുംബശ്രീയുടെ ജില്ലാതല സംവിധാനവുമായി ബന്ധപ്പെടുത്തി വീടുകളിൽ ഉപഭോക്തൃ ഉല്പന്നങ്ങളും മറ്റും എത്തിക്കുന്ന ഡിജിറ്റൽ പ്ലാറ്റ് ഫോം പ്രായോഗികമാണോ? എഐ അടക്കമുള്ള സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്ന ഒരു ജനകീയ പിന്തുണാ സംവിധാനത്തെക്കുറിച്ച് നമ്മൾ ആലോചിക്കാൻ കഴിയില്ലേ?

ഈ നാല് കാര്യങ്ങളിലും തികച്ചും അനുകൂലമായ ഉത്തരങ്ങളാണ് മൈഗ്രേഷൻ കോൺക്ലേവ് 2024-ൽ ഉരുത്തിരിഞ്ഞു വന്നത്. ഇവയുടെ അടിസ്ഥാനത്തിൽ ജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പരിവർത്തനത്തിൽ പുതിയൊരു ചാലുകൂടി നമുക്കു തുറക്കാനാകും. അതിനുള്ള ഒരു പൈലറ്റ് പരീക്ഷണമാണ് പത്തനംതിട്ട ജില്ലയെ ആസ്പദമാക്കി ഇനി വിവരിക്കാൻ പോകുന്നത്.

### 3) ജില്ലാ പദ്ധതിയുടെ പ്രസക്തി

എന്തുകൊണ്ട് ജില്ലാ അടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കുന്നുവെന്നത് ഒരു ന്യായമായ സംശയമാണ്. ജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പരിവർത്തനത്തിന്റെ പൊതുനയങ്ങൾ സംസ്ഥാനതലത്തിലേ രൂപം നൽകാനാകൂ. അതുപോലെ കെ-ഡിസ്ക്, കേരള നോളഡ്ജ് ഇക്കണോമി മിഷൻ എന്നിവയും അസാപ്പ്, കെയ്സ് തുടങ്ങിയ നൈപുണി വികസന സ്ഥാപനങ്ങളും വ്യവസായ സംരംഭകത്വ പ്രോത്സാഹന സ്ഥാപനങ്ങളും സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവയാണ്. സർവ്വകലാശാലകളുടെ പ്രവർത്തനം ജില്ലയിൽ ഒതുങ്ങുന്നില്ല.

എന്നാൽ അവയോടൊപ്പം പ്രധാനപ്പെട്ടവയാണ് ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയും ജില്ലാ ഭരണകൂടങ്ങളും. കേരളത്തിൽ നാം പിന്തുടരുന്നത് ബഹുതല ആസൂത്രണ രീതിയാണ്. ഓരോ തട്ടിനും ഏറ്റവും അനുയോജ്യമായ കാര്യങ്ങൾ വിഭവശേഷിക്കനുസരിച്ച് ഓരോ തലത്തിലുമുള്ളവർ ആസൂത്രണം ചെയ്യുന്നു. ഈ ബഹുതല പദ്ധതികൾ സംയോജിപ്പിക്കുകയാണ് സംസ്ഥാന പദ്ധതി ചെയ്യേണ്ടത്. സംസ്ഥാനതലത്തിൽ മാത്രമല്ല, ജില്ലാതലത്തിലും ഇത്തരമൊരു സംയോജനം അനിവാര്യമാണ്. അതുകൊണ്ടാണ് ജനകീയാസൂത്രണത്തിന്റെ തുടക്കം മുതൽ ജില്ലാ പദ്ധതിക്ക് നമ്മൾ ഊന്നൽ നൽകിയത്. എന്നാൽ ജില്ലാ പദ്ധതികൾ വേണ്ടത്ര ഫലപ്രദമായി ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഇതുവരെ കഴിഞ്ഞിട്ടില്ലായെന്ന ദൗർബല്യം തുടരുകയാണ്.

ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനായി 2000-ത്തിലും 2016-ലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും പദ്ധതികൾ രൂപംകൊള്ളുകയും ചെയ്തിട്ടുണ്ട്. അവ നമുക്ക് വളരെ സഹായകരമാണ്. ജില്ലാ പദ്ധതിയുടെ ഒരു ഉപഘടകമായി വിജ്ഞാന സമ്പദ്ഘടന പരിവർത്തനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കാനാകും. അത്തരമൊരു പദ്ധതിക്ക് ബന്ധപ്പെട്ട എല്ലാ ഏജൻസികളെയും ജില്ലാതലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെയും കുടുംബശ്രീയുമായി ഏകോപിപ്പിക്കുന്നതിനു സഹായകരമാകും. ഇപ്പോൾ തന്നെ നോളഡ്ജ് ഇക്കണോമി മിഷന്റെ ഒരു പ്രധാന പ്രവർത്തന മേഖല തദ്ദേശഭരണ സ്ഥാപനങ്ങളാണല്ലോ.

അധികാരവികേന്ദ്രീകരണം കേരളത്തിന്റെ വലിയ കരുത്താണ്. വിപുലമായ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ അവ ഫലപ്രദമാണ്. ജനകീയാസൂത്രണ കാലത്തെ സന്നദ്ധ-സാങ്കേതികസേന റിട്ടയർ ചെയ്ത സാങ്കേതികവിദഗ്ദരെയും അനുദ്യോഗസ്ഥ വിദഗ്ദരെയും വികസന പ്രവർത്തനങ്ങളിൽ അണിനിരത്തുന്നതിൽ വലിയ അനുഭവമായിരുന്നു. താല്പര്യമുള്ള പൗരന്മാർക്ക് വികസനപ്രവർത്തനങ്ങളിൽ ഇടപെടുന്നതിനു വലിയ സാധ്യതകൾ അധികാരവികേന്ദ്രീകരണം തുറക്കുന്നുണ്ട്. ഇവയെ പ്രയോജനപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലുള്ള ജില്ലാ പദ്ധതി സഹായകരമായിരിക്കും.

ജ്ഞാനസമ്പദ്ഘടനയുമായി ബന്ധപ്പെട്ട് എടുത്തുപറയേണ്ടുന്ന ഒരു കാര്യം ജില്ലാ ഇന്നവേഷൻ കൗൺസിലുകളാണ് (District Innovation Council). ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും, ജില്ലാ കളക്ടർ സെക്രട്ടറിയുമായുള്ള കൗൺസിലിൽ സർവ്വകലാശാലകളുടെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും പ്രതിനിധികൾ അംഗങ്ങളാണ്. ഇത് ഇന്നവേഷന്റെ അടിസ്ഥാനത്തിലുള്ള ജില്ലാ വികസനത്തിന് പുതിയ സാധ്യതകൾ സൃഷ്ടിക്കുന്നു.

മറ്റൊരു കാര്യവുംകൂടി ഈ അവസരത്തിൽ എടുത്തുപറയേണ്ടതുണ്ട്. ഓരോ ജില്ലയിലും ചുരുങ്ങിയത് 700-1200 വരുന്ന അഭ്യസ്തവിദ്യരായ യുവജനങ്ങൾ ഇന്റേൺസും റിസോഴ്സ് പേഴ്സൺസും ആയി പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീ, കില, വ്യവസായ വകുപ്പ്, കൃഷി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശഭരണ വകുപ്പ്, വനിതാ വികസന വകുപ്പ്, എസ്.സി-എസ്.ടി വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ നോളഡ്ജ് ഇക്കണോമിയുമായി ബന്ധപ്പെടുത്താൻ കഴിയുന്ന അർദ്ധസന്നദ്ധ സേവനാടിസ്ഥാനത്തിലുള്ള യുവവിദഗ്ദരെ ജില്ലാതലത്തിൽ ഏകോപിപ്പിക്കാൻ കഴിഞ്ഞാൽ വലിയ നേട്ടം ഉണ്ടാക്കാനാകും. പട്ടിക 1-ൽ പത്തനംതിട്ട ജില്ലയിലെ ഓരോ വകുപ്പിലെയും ഇത്തരം സാധ്യതയുള്ള അർദ്ധവോളണ്ടിയർ സ്വഭാവമുള്ള താല്ക്കാലിക ഉദ്യോഗസ്ഥരുടെ വിവരം നൽകിയിട്ടുണ്ട്. ഇവരുടെ എണ്ണം ആകെ 897 വരും. ഇന്ന് അവർ ഡിപ്പാർട്ട്മെന്റ് ശ്രേണിയുടെ ഭാഗമായി പരിമിതമായ വൃത്തത്തിൽ ഒറ്റപ്പെട്ടു പ്രവർത്തിക്കുകയാണ്. ജില്ലാ പദ്ധതിയുടെ രൂപീകരണം ഇവരുടെ കൂട്ടായ്മ സൃഷ്ടിക്കാൻ സഹായകരമാകും.

പട്ടിക 1

പത്തനംതിട്ട ജില്ലയിലെ അർദ്ധവോളണ്ടിയർ സ്വഭാവമുള്ള നോളഡ്ജ് ഇക്കണോമിയുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്താൻ കഴിയുന്ന താല്ക്കാലിക ഉദ്യോഗസ്ഥരുടെ വിവരം

| ഏജൻസി | വിഭാഗം | എണ്ണം |
|---|---|---|
| വ്യവസായം | ഇൻഡസ്ട്രിയൽ ഇന്റേൺസ് | 57 |
| ഐകെഎം | ടെക്നിക്കൽ അസിസ്റ്റന്റ് | 66 |
| കില | തീമാറ്റിക്ക് എക്സ്പേർട്ട് | 11 |
| | ഡിക്യാറ്റ് | 12 |
| | ബ്ലോക്ക് കോർഡിനേറ്റർ | 8 |
| | റിസോഴ്സ് പേഴ്സൺ | 24 |
| | മറ്റുള്ളവർ | 3 |
| കുടുംബശ്രീ | കമ്മ്യൂണിറ്റി അംബാസിഡർമാർ | 58 |
| | അഗ്രി റിസോഴ്സ് പേഴ്സൺ | 58 |
| | അനിമൽ ഹസ്ബൻഡറി ആർപി | 116 |
| | സാമൂഹ്യവികസനം | 24 |
| | മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ് | 69 |
| | ബ്ലോക്ക് കോർഡിനേറ്റർമാർ | 32 |
| | ജില്ലാ പ്രോഗ്രാം മാനേജർ | 10 |
| | അനിമേറ്റേഴ്സ് | 6 |
| | എൻയുഎൽഎം | 8 |
| | കമ്മ്യൂണിറ്റി കൗൺസിലർമാർ | 21 |
| കൃഷി വകുപ്പ് | റിസോഴ്സ് പേഴ്സൺസ് (സിആർപി, എൽആർപി, ആത്മ, എസ്എച്ച്എം, വിഡിപി, സിഎച്ച്എം) | 66 |
| തദ്ദേശഭരണ വകുപ്പ് | നവകേരളം | 6 |
| വനിതാ വികസന വകുപ്പ് | സ്കൂൾ കൗൺസിലർമാർ | 47 |

| | | |
|---|---|---|
| വിദ്യാഭ്യാസ വകുപ്പ് | സാക്ഷരതാ പ്രേരക് | 91 |
| പട്ടികജാതി | പ്രൊമോട്ടർമാർ | 57 |
| പട്ടികവർഗ്ഗം | പ്രൊമോട്ടർമാർ | 47 |
| ആകെ | | 897 |

**4) പത്തനംതിട്ട ജില്ല - പൊതുസ്വഭാവം**

2736 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും, 12 ലക്ഷം ജനസംഖ്യയും (2011 കാനേഷുമാരി) ഉള്ള പത്തനംതിട്ട ജില്ല സംസ്ഥാനത്തെ ചെറിയ ജില്ലകളിലൊന്നാണ്. ഏതാണ്ട് 50% വനവും 40% കുന്നിൻ പ്രദേശവുമാണ്. 8 ബ്ലോക്കുകളും 53 ഗ്രാമപഞ്ചായത്തുകളും 4 മുനിസിപ്പാലിറ്റികളും ഉണ്ട്. 14% പട്ടികജാതി-പട്ടികവർഗക്കാരാണ്. നഗര ജനസംഖ്യ 11% ആണ്. പ്രായംചെന്നവരുടെ ശതമാനം സംസ്ഥാനത്തെ ഏറ്റവും ഉയർന്നതാണ്. ജനസംഖ്യ കേവലമായി കുറഞ്ഞുകൊണ്ടിരിക്കുന്ന ജില്ലകളിലൊന്നാണ്.

പത്തനംതിട്ട ജില്ല പുതിയ പരീക്ഷണത്തിന് തെരഞ്ഞെടുത്തതു മലപ്പുറം കഴിഞ്ഞാൽ ഏറ്റവുമധികം പ്രവാസികളുള്ള ജില്ലയെന്ന നിലയിലാണ്. പാശ്ചാത്യ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിൽ ഏറ്റവും ഉയർന്നുനിൽക്കുന്ന ജില്ല പത്തനംതിട്ടയുമാണ്. അഭ്യസ്തവിദ്യരുടെ എണ്ണവും ഉയർന്നതാണ്. അതേസമയം, പത്തനംതിട്ട ജില്ലയിലെ തൊഴിലില്ലായ്മ താരതമ്യേന ഉയർന്നതാണെന്നു പല പഠനങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

2022-ൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം 1.4 ലക്ഷം ആണ്. അവരിൽ 82000 പേർ സ്ത്രീകളാണ്. കുടുംബശ്രീ ജാലകം സർവ്വേ പ്രകാരം 2.06 ലക്ഷം തൊഴിൽ അന്വേഷകർ ജില്ലയിലുണ്ട്. ഇവരിൽ 12 ശതമാനം ബിരുദാനന്തര ബിരുദക്കാരും 31 ശതമാനം ബിരുദധാരികളുമാണ്. ഹയർ സെക്കണ്ടറിക്കാർ 39 ശതമാനവും ഡിപ്ലോമക്കാർ 11 ശതമാനവും ഐറ്റിഐക്കാർ 7 ശതമാനവുമാണ്. കൂടുതൽ മെച്ചപ്പെട്ട തൊഴിൽ അന്വേഷിക്കുന്ന തൊഴിലുള്ളവരും വിദ്യാർത്ഥികളും ഇതിൽ ഉൾപ്പെടും. കൃത്യമായ നിർവ്വചനമില്ലായ്മ ഈ കണക്കിന്റെ വിശ്വാസ്യതയെ കുറയ്ക്കുന്നുണ്ട്.

ജാലകം സർവ്വേയിൽ കണ്ടെത്തിയ രണ്ടുലക്ഷത്തിൽപ്പരം പേരിൽ 48686 പേരാണ് പത്തനംതിട്ട ജില്ലയിൽ ജോലിക്കു വേണ്ടി ബയോഡാറ്റ സഹിതം ഡിഡബ്ല്യൂഎംഎസ് പ്ലാറ്റ് ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവരുടെ പ്രായവും വിദ്യാഭ്യാസ യോഗ്യതയും അടിസ്ഥാനമാക്കിയുള്ള വിതരണത്തിന്റെ കണക്ക് താഴെ പട്ടിക 2-ൽ നൽകിയിരിക്കുന്നു.

പട്ടിക 2

ഡിഡബ്ല്യൂഎംഎസ് പ്ലാറ്റ് ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പത്തനംതിട്ട ജില്ലയിലെ തൊഴിൽ അന്വേഷകരുടെ വയസും വിദ്യാഭ്യാസ യോഗ്യതയും

| വിദ്യാഭ്യാസ യോഗ്യത | വയസ് | | | | | | ആകെ |
|---|---|---|---|---|---|---|---|
| | 20-ൽ താഴെ | 21-30 | 31-40 | 41-50 | 51-56 | 56-ന് മുകളിൽ | |
| ഡോക്ടറേറ്റ് | 30 | 40 | 45 | 10 | 1 | 1 | 127 |
| പോസ്റ്റ് ഡോക്ടറേറ്റ് | 17 | 16 | 12 | 2 | | | 47 |
| പോസ്റ്റ് ഗ്രാജ്യുവേഷൻ | 86 | 5275 | 2383 | 332 | 23 | 11 | 8110 |
| ഗ്രാജ്യുവേഷൻ | 1070 | 13736 | 3994 | 770 | 82 | 26 | 19678 |
| സംയോജിത ഡിഗ്രികൾ | 62 | 218 | 47 | 14 | | | 341 |
| പിജി ഡിപ്ലോമ | 9 | 189 | 117 | 37 | 4 | 1 | 357 |
| ഡിപ്ലോമ | 363 | 3246 | 1562 | 273 | 26 | 15 | 5485 |
| ഐറ്റിഐ | 916 | 1917 | 572 | 122 | 12 | 9 | 3548 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഹയർ സെക്കണ്ടറി | 782 | 1804 | 1055 | 295 | 32 | 5 | 3973 |
| എസ്എസ്എൽസി | 110 | 244 | 245 | 168 | 44 | 9 | 820 |
| യോഗ്യത രേഖപ്പെടുത്താത്തവർ | 953 | 3275 | 1396 | 460 | 86 | 30 | 6200 |
| ആകെ | 4398 | 29960 | 11428 | 2483 | 310 | 107 | 48686 |

ഇവരിൽ 578 പേരാണ് ജോലികൾക്കുള്ള ഇന്റർവ്യൂകളിൽ പങ്കെടുത്തത്. 385 പേർ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടു. ഇവരിൽ 320 പേർക്ക് ജോലി ലഭിച്ചു. ഇത് അത്ര അഭിമാനകരമായ നേട്ടമാണെന്ന് അവകാശപ്പെടാനാവില്ല. ഈയൊരു പശ്ചാത്തലത്തിലാണ് നൈപുണി പരിശീലനത്തിനും സംരംഭകത്വ വികസനത്തിനും ഈ രേഖയിൽ മുന്നോട്ടുവയ്ക്കുന്ന പരിപാടി പ്രസക്തമാകുന്നത്.


ഡിപിസിയുടെ നേതൃത്വത്തിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള ശക്തമായ ഇടപെടൽ സമീപകാലത്ത് ഉണ്ടായിട്ടുണ്ട്. അതിലൊന്ന് ശുചിത്വ പരിപാടിയാണ്. മറ്റൊന്ന് ഈ രേഖയിൽ ചർച്ച ചെയ്യുന്ന ഒരു വിഷയവുമായി ബന്ധപ്പെട്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ വയോജന സംരക്ഷണത്തിനുള്ള ഒരു സംയുക്ത പ്രൊജക്ട് നടപ്പാക്കുന്നതിനുള്ള പരിശീലന പരിപാടി പൂർത്തിയായിട്ടുണ്ട്. വിജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പരിവർത്തന പ്രൊജക്ടും ഇത്തരമൊരു സംയുക്ത പരിപാടിയായിരിക്കും. വിജ്ഞാനസമ്പദ്ഘടനയ്ക്കുപുറം വിജ്ഞാനസമൂഹം സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നല്ലപങ്കം ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി നേടേണ്ടവയാണെന്നതും ഓർക്കേണ്ടതുണ്ട്.

**5) നൈപുണി പരിശീലനവും തൊഴിലും**

കേരളത്തിൽ ഇന്ന് ഏറ്റവും കാര്യക്ഷമമായി നടക്കുന്ന നൈപുണി പരിശീലന പരിപാടി നേഴ്സുമാരുടേതാണെന്നു പറയാം. വിദേശരാജ്യങ്ങളിലെ ജോലി സാധ്യത കണക്കിലെടുത്തുകൊണ്ട് ആ രാജ്യത്തെ ഭാഷയും നേഴ്സിംഗ് രീതികളിലും പരിശീലനം നൽകുന്നു. യുകെയിലേക്കുള്ള നേഴ്സിംഗ് പരിശീലനം ബ്രിട്ടീഷ് കൗൺസിൽ തന്നെയാണ് നേരിട്ടു നൽകുന്നത്. ഇതിനു കേരള സർക്കാർ പ്രത്യേക കരാറും ഒപ്പുവച്ചിട്ടുണ്ട്. ഇതുപോലെ മറ്റു തൊഴിലുകൾക്കുള്ള സാധ്യതകൾ കൃത്യമായി അറിഞ്ഞ് അവയ്ക്കു വേണ്ടിയുള്ള കസ്റ്റമൈസ്ഡ് നൈപുണി പരിശീലനം നൽകിയാൽ തൊഴിൽ ലഭിക്കാനുള്ള സാധ്യതയേറും. പക്ഷേ, വിദേശത്തെയും മറ്റു സംസ്ഥാനങ്ങളിലെയും സമീപഭാവിയിലെ തൊഴിൽ ഒഴിവുകൾ എത്രയെന്നും, അവയ്ക്ക് എന്തു നൈപുണിയാണു വേണ്ടതെന്നും എങ്ങനെ അറിയും? അവിടെ തൊഴിൽ ചെയ്യുന്നവരോ അല്ലെങ്കിൽ മേധാവി തസ്തികകളിൽ ജോലി ചെയ്യുന്നവരോ ആയ പ്രവാസികൾക്കേ ഈ ധർമ്മം നിർവ്വഹിക്കാനാകൂ.

ചിത്രം 1

പ്രവാസി സഹായത്തോടെ നൈപുണി ഡിമാന്റ് മാപ്പിംഗിന്റെയും അതനുസരിച്ചുള്ള നൈപുണി പരിശീലനത്തിന്റെയും തൊഴിൽ ലഭ്യതയുടെയും മാതൃക




ഇത്തരത്തിൽ ഓരോ സ്ഥാപനവുമായി നിരന്തരമായി ബന്ധംപുലർത്തുന്നതിന് ഒരു പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് അനിവാര്യമാണ്. ഈ യൂണിറ്റിലെ പ്രൊഫഷണലുകൾ പ്രവാസികളിൽ നിന്നു മാത്രമല്ല, പ്രൊഫഷണൽ ഡാറ്റാ ബെയ്സുകളിൽ നിന്നും എഐ അടിസ്ഥാനമാക്കിയുള്ള അന്വേഷണങ്ങളിൽ നിന്നും തൊഴിലും നൈപുണിയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാം.

തൊഴിൽ സാധ്യതകൾ സംബന്ധിച്ച വിവരശേഖരണം നടന്നുകഴിഞ്ഞാൽ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ അടുത്ത നടപടി കെ-ഡിസ്കിന്റെ പ്ലാറ്റ് ഫോമിൽ തൊഴിലിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ നിന്ന് യോഗ്യതയുള്ളവരെയും താല്പര്യമുള്ളവരെയും കണ്ടെത്തുകയാണ്.

പിന്നെ വേണ്ടുന്നത് തൊഴിൽദാതാവിന് ആവശ്യമുള്ള നൈപുണി കൃത്യമായി പരിശീലിപ്പിക്കാൻ അനുയോജ്യമായ സ്ഥാപനങ്ങൾ കണ്ടെത്തുകയാണ്. നിലവിലുള്ള സർക്കാർ സംവിധാനങ്ങൾക്ക പുറമേ ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഇതിനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്.

നൈപുണി പരിശീലന സ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കി പ്രാപ്തി ഉറപ്പുവരുത്തിക്കഴിഞ്ഞാൽ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് തൊഴിൽദാതാവിനോട് സംവദിക്കുകയും തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

തൊഴിൽ അന്വേഷകർ പരിശീലനത്തിനും മറ്റും ഫീസ് നൽകിയേ തീരൂ. പക്ഷേ അത് ജോലി കിട്ടിക്കഴിഞ്ഞ് തവണകളായി മാത്രം നൽകിയാൽ മതിയാകും. ഇത്തരമൊരു തിരിച്ചടവ് പരിപാടികൂടി ആവിഷ്കരിക്കുകയാണെങ്കിൽ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെയും പരിശീലനത്തിനും വേണ്ടിവരുന്ന ചെലവിൽ നല്ലപങ്കും പദ്ധതിയിൽ നിന്നുതന്നെ സമാഹരിക്കാനാകും.

പരിശീലനം നേടുന്നവരെല്ലാം വിദേശത്തോ മറ്റ പ്രദേശങ്ങളിലോ പോയി ജോലി ചെയ്യണമെന്നത് അനിവാര്യമല്ല. വീടിനടുത്തോ വീട്ടിനുള്ളിലോ ഇരുന്ന് ഡിജിറ്റലായി ജോലി ചെയ്യുന്നതിനുള്ള രീതികൾ ഇന്ന്

ആഗോള തൊഴിൽബന്ധങ്ങളുടെ അവിഭാജ്യഭാഗമായിട്ടുണ്ട്. ഇതിനായി പ്രത്യേക പരിശീലനം നൽകേണ്ടിവരും. ജോലി ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പണവും ലഭ്യമാക്കേണ്ടതുണ്ട്. കേരള സർക്കാർ ഇതിനായുള്ള സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇവ പ്രാവർത്തികമാക്കാനാകും.


ഇവയ്ക്കു പുറമേ നിലവിലുള്ള ഡോക്ടർമാർ, നേഴ്സ്മാർ, അധ്യാപകർ, വക്കീലന്മാർ, പഞ്ചായത്ത് അംഗങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ, സഹകാരികൾ, വിദേശത്തു നിന്നും മടങ്ങിവന്നവർ, കരിയറിൽ ബ്രേക്ക് വന്നവർ തുടങ്ങിയവരുടെ നൈപുണി അപ്ഗ്രേഡ് ചെയ്യുന്നതിനും എഐ പോലുള്ള ടൂളുകൾ ഉപയോഗിക്കുന്നതിനും പ്രാപ്തമാക്കേണ്ടതുണ്ട്. ഇതിന് പ്രൊഫഷണൽ അസോസിയേഷനുകളുടെയും മറ്റും സഹായം തേടാനാകും.

**6) സംരംഭകത്വ വികസനം**

ജില്ലയിലെ സൂക്ഷ്മ-ചെറുകിട വ്യവസായ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനുള്ള ഊർജ്ജിത പരിപാടി നടപ്പാക്കേണ്ടതുണ്ട്. സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ സാമാന്യം സമഗ്രമായ ഡാറ്റാ ബെയ്സ് വ്യവസായ വകുപ്പിൽ നിന്നും ലഭ്യമാണ്.

ചിത്രം 2

സൂക്ഷ്മ-ചെറുകിട സ്ഥാപനങ്ങളുടെ നവീകരണം




ആദ്യം വേണ്ടുന്നത് ഈ സ്ഥാപനങ്ങളെ വിവിധ മേഖലകളായി തിരിച്ച് വിശദമായി പഠിക്കുകയാണ്. ഇതിനുവേണ്ടി വിപുലമായ ഒരു പഠനസംഘത്തിനു രൂപം നൽകണം. പഠന സംഘങ്ങളെ ജില്ലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി രൂപീകരിക്കാനാകും. പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റായിരിക്കും ഇതിനു മുൻകൈയെടുക്കുക. പ്രശസ്തമായ കമ്പനികളിൽ നിന്നും റിട്ടയർ ചെയ്തു ജില്ലയിലേക്കു തിരിച്ചുവന്ന ഒട്ടേറെ പ്രവാസി വിദഗ്ദർ ജില്ലയിലുണ്ട്. അവരുടെ സേവനം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തണം. ജില്ലയ്ക്കു പുറത്തുള്ള വിദഗ്ദരുടെയും വ്യവസായ സംഘടനകളുടെയും ചേംബറുകളുടെയും സഹായം ഇതിന് ഉപയോഗപ്പെടുത്താനാകും. പ്രവാസികൾക്ക് ഇത്തരം സംരംഭസഹായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാനാവും.

പഠനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സംരംഭത്തിനും നവീകരണത്തിനു പ്ലാൻ ഉണ്ടാക്കണം. നവീകരണ പരിപാടിയുടെ ഏറ്റവും പ്രധാനപ്പെട്ട ഇനം 4.0 വ്യവസായ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്താനുള്ള പരിശ്രമമായിരിക്കണം. അതുപോലെതന്നെ പരമ്പരാഗതമായ രീതികൾവിട്ട് നൂതനമായ രീതികൾ അവലംബിക്കാനാകണം. ഇന്നവേഷൻ ആയിരിക്കും നവീകരണത്തിന്റെ കാതൽ.

ഇത്തരത്തിൽ നവീകരണത്തിനു തയ്യാറാകുന്ന സംരംഭകർക്ക് വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ പ്രൊജക്റ്റ് മാനേജ്മെന്റ് ആവശ്യമായ പിന്തുണ ലഭ്യമാക്കണം. മുഖ്യമായും ഇത് മൂന്നുതരമാണ്. ഒന്നാമത്തേത് മാർക്കറ്റിംഗുമായി ബന്ധപ്പെട്ടതാണ്. ചെറുകിട സംരംഭകരുടെ ഉല്പന്നങ്ങൾ അഗ്രിഗേറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ, ബ്രാൻഡിംഗ്, ഡിജിറ്റൽ പ്ലാറ്റ് ഫോം മാർക്കറ്റിംഗിന്റെ സാധ്യത തുടങ്ങിയവ ആരായണം. ജില്ലയിലെ സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ കയറ്റുമതി സാധ്യത പ്രയോജനപ്പെടുത്തുന്നതിന് പ്രവാസികൾക്ക് സഹായിക്കാൻ കഴിയും. നമ്മുടെ നാട്ടിലെ ടൂറിസ്റ്റ് സംരംഭങ്ങളുടെ അംബാസിഡർമാരാകാൻ പ്രവാസികൾക്കു കഴിയും. പ്രവാസികളുടെ പ്രാദേശിക കൂട്ടായ്മകൾക്ക് അവരുടെ പ്രദേശത്തെ സംരംഭങ്ങളെ സഹായിക്കാൻ ഇത്തരത്തിൽ മുൻകൈയെടുക്കാനാകും.

രണ്ടാമത്തേത് നവീകരണത്തിനാവശ്യമായ ഫിനാൻസ് കണ്ടെത്തലാണ്. വ്യവസായ വകുപ്പിന്റെ ധനസഹായത്തിനു പുറമേ കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വികസന കോർപ്പറേഷനുകൾ, സഹകരണ ബാങ്കുകൾ, വാണിജ്യ ബാങ്കുകൾ തുടങ്ങിയവയ്ക്ക് ധനസഹായവും വായ്പയും നൽകാനാകും. പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് ഇത്തരം ഫിനാൻസ് പാർട്ണേഴ്സിനെ മുഴുവൻ ഒരുമിച്ച് കൊണ്ടുവരുന്നതിന് മുൻകൈയെടുക്കേണ്ടതുണ്ട്. ലീഡ് ബാങ്കുമായിട്ട് നിരന്തരമായ സമ്പർക്കം പുലർത്തണം.

മൂന്നാമത്തേത് മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകലാണ്. ഇത് ഉറപ്പുവരുത്തിക്കൊണ്ടല്ലാതെ മാർക്കറ്റിംഗും നവീകരണവും നടക്കില്ല. പദ്ധതിയിൽ ഉൾപ്പെടുന്ന യൂണിറ്റുകളെ കുറച്ചുനാൾ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനവും വേണം. സംരംഭകരുടെ സംഘടനകളെയും സ്വയം പഠന പരിപാടികളെയും പ്രോത്സാഹിപ്പിക്കണം.

പറക്കോട് ബ്ലോക്കിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പറക്കോട് സഹകരണ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെയും ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെയും സഹകരണത്തോടെ തുടക്കംകുറിച്ചിട്ടുള്ള ഹോം ഷോപ്പി പദ്ധതി ജില്ലയിലാകെ വ്യാപിപ്പിക്കാൻ കഴിയുന്ന ഒരു മാതൃകയാണ്. ഒരു വാർഡിൽ ഒരു ഹോം ഷോപ്പിയാണുള്ളത്. നേരിട്ടോ വാട്സാപ്പ് വഴിയോയുള്ള ഓർഡറുകൾ പ്രകാരം വീടുകളിൽ ഭക്ഷ്യസാമഗ്രികളും സ്റ്റേഷനറിയും മറ്റും എത്തിച്ചുകൊടുക്കും. കുടുംബശ്രീയുടെയും ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെയും ഉല്പന്നങ്ങൾ ഇതിനായി രൂപീകരിച്ചിരിക്കുന്ന കേന്ദ്രം ഹോം ഷോപ്പികളുടെ ഓർഡർ അനുസരിച്ച് എത്തിക്കും. കുടുംബശ്രീ ഉല്പന്നങ്ങൾ അല്ലാത്ത പലചരക്കും സ്റ്റേഷനറികളും പറക്കോട് കോപ്പ് മാർട്ട് ഹോം ഷോപ്പികളിൽ എത്തിക്കും.

എല്ലാവിധ ഭക്ഷണ പൊടികളും, പലഹാരങ്ങളും, അച്ചാറുകളും അതുപോലുള്ള സൂക്ഷ്മ സംരംഭങ്ങളുടെ ഉല്പന്നങ്ങളും ഏകീകൃത രീതിയിൽ ഒരു ബ്രാൻഡിൽ കുടുംബശ്രീ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ഉല്പാദിപ്പിക്കും. ഇവയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ കോപ്പ് മാർട്ട് ഉറവിടങ്ങളിൽ നിന്നു തന്നെ ശേഖരിച്ച് താഴ്ന്ന വിലയ്ക്ക് യൂണിറ്റുകൾക്കു നൽകും. ബ്രാൻഡിംഗിന് ആവശ്യമായ മേൽനോട്ടം കുടുംബശ്രീ നൽകും. ചുരുക്കത്തിൽ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് പ്രാദേശിക വിപണി ഉറപ്പുവരുത്തി അടിത്തറ ഉറപ്പിക്കുന്നതിനുള്ള ഒരു പരീക്ഷണമാണ് പറക്കോട് നടക്കുന്നത്. കോപ്പ് മാർട്ടിൽ നിന്ന് പലചരക്കും മറ്റും വിൽപ്പനയ്ക്കായി സപ്ലൈ ചെയ്യുന്നതുകൊണ്ട് ഹോം ഷോപ്പികൾക്ക് മിനിമം ടേണോവർ ഉറപ്പുവരുത്തുന്നതിനും ന്യായമായ വരുമാനം നേടുന്നതിനും കഴിയും. അസംസ്കൃത വസ്തുക്കൾ ഒരുമാസത്തെ ക്രെഡിറ്റിന് ലഭിക്കുന്നതുകൊണ്ട് ഫലത്തിൽ വർക്കിംഗ് ക്യാപിറ്റലിന്റെ ഗണ്യമായ ഭാഗം സഹകരണ ബാങ്കിൽ നിന്നും ലഭ്യമാകും.


വാട്സാപ്പ് പ്ലാറ്റ് ഫോമിൽ നിന്ന് പടിപടിയായിട്ട് സമ്പൂർണ്ണ ഡിജിറ്റൽ പ്ലാറ്റ് ഫോമിലേക്ക് ഈ വിപണന ശൃംഖലയെ ഉയർത്താവുന്നതാണ്. ഇതിന്റെ നേട്ട-കോട്ട വിശ്ലേഷണം നടത്തേണ്ടതുണ്ട്. മാർക്കറ്റ്

വിപുലമാകുന്നതിനനുസരിച്ച് ഉല്പാദന യൂണിറ്റുകളുടെ വലുപ്പവും സാങ്കേതികവിദ്യയും ഉയർത്തുന്നതിനും പരിപാടിയുണ്ട്.

ഇതുവരെ ചർച്ച ചെയ്തത് നിലവിലുള്ള സംരംഭങ്ങളുടെ നവീകരണമാണ്. അതുപോലെതന്നെ പ്രധാനമാണ് ജില്ലയിലെ അഭ്യസ്തവിദ്യരെ ഉപയോഗപ്പെടുത്തി സ്റ്റാർട്ട് അപ്പുകളുടെ ഒരു ശൃംഖല സൃഷ്ടിക്കുകയെന്നത്. ഇത് യാന്ത്രികമായി ചെയ്തുതീർക്കാൻ കഴിയുന്ന കടമയല്ല. ഇതിനാവശ്യമായ ഒരു അന്തരീക്ഷ സൃഷ്ടി അനിവാര്യമാണ്. ഇതിലേറ്റവും പ്രധാനം പത്തനംതിട്ട ജില്ലയെ ഒരു ഡിജിറ്റൽ ഇക്കണോമിയാക്കി മാറ്റുകയെന്നതാണ്. വിജ്ഞാനത്തെ ഇന്നവേഷൻസാക്കി രൂപാന്തരപ്പെടുത്തുന്നതിന് ആവശ്യമായ മത്സരാധിഷ്ഠിത ക്യാമ്പയിനുകൾ അനിവാര്യമാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. സ്റ്റാർട്ട് അപ്പുകൾക്ക് ആവശ്യമായ ഫണ്ടിംഗ് നൽകുന്നതിനുള്ള ഏഞ്ചൽ ഇൻവെസ്റ്റർ നെറ്റുവർക്കും സൃഷ്ടിക്കേണ്ടതുണ്ട്. അതിസമ്പന്നരായ പത്തനംതിട്ട പ്രവാസികൾ ഇതിനുള്ള മുൻകൈയെടുക്കണം. സ്വകാര്യ വ്യവസായ പാർക്കുകൾക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം. ഐറ്റി പാർക്കും അനിവാര്യമാണ്.

ചിത്രം 3

നൂതന സംരംഭകത്വ വികസനത്തിന് ഹാക്കത്തോൺ മാതൃക




സംരംഭകത്വ വികസനത്തിന് രണ്ട് മാർഗ്ഗങ്ങളുണ്ട്. ഒന്നാമത്തേത് നിക്ഷേപ വർദ്ധനയിലൂന്നിക്കൊണ്ടുള്ള മാർഗ്ഗമാണ്. രണ്ടാമത്തേത് ഇന്നവേഷൻ അടിസ്ഥാനമാക്കിയുള്ള മാർഗ്ഗമാണ്. പത്തനംതിട്ട ജില്ലയിൽ സംരംഭകത്വ വികസനത്തിന് രണ്ടാമത്തെ മാർഗ്ഗം സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഒരു ലളിതമായ മാതൃക ചിത്രം 3-ൽ നൽകിയിട്ടുണ്ട്.

ഇന്നവേഷൻ-അടിസ്ഥാന വികസന മാതൃകയിൽ, പങ്കാളിത്ത ക്രിയാത്മകമായ പ്രശ്നപരിഹാര സംവിധാനമായ ഹാക്കത്തോൺ, ഫലപ്രദമായി ഉപയോഹഗപെടുത്താവുന്നതാണ്. നൂതനാശയപരിഹാരങ്ങൾ (innovation) വികസിപ്പിക്കുന്നതിന് വ്യക്തികളോ ടീമുകളോ കൂട്ടായി എത്തിച്ചേരുന്ന സമയബന്ധിത പ്രവർത്തനമാണ് ഹാക്കത്തോൺ. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും പ്രവാസികൾക്കും സംരംഭകർക്കുമെല്ലാം ഇതിൽ പങ്കെടുക്കാം.

ആശയരൂപീകരണം (ideation) അടിസ്ഥാനപരമായി പ്രശ്ന പരിഹാരത്തിന്റെ മാർഗ്ഗമാണ്. സാഹചര്യ അടിസ്ഥാനം (contextual) എന്നത് ജീവിത പ്രശ്നങ്ങൾ ബാധിക്കുന്ന ആൾക്കാരുടെ അവശ്യ-

കേന്ദ്രീകൃതവുമാവണം (stake holder centric). ആ നിലയ്ക്ക് പ്രവർത്തിച്ചാൽ മാത്രമേ പ്രശ്നങ്ങളുടെ ആഴത്തിലുള്ള മനസ്സിലാക്കലിലേക്ക് നമുക്ക് പോകാൻ കഴിയുകയുള്ളൂ. കെ-ഡിസ്ക് രൂപീകരിച്ചിട്ടുള്ള 'പ്രായോഗിക പ്രവർത്തകരുടെ കൂട്ടായ്മ (വിഗദ്ധ കൂട്ടായ്മ)'യുടെ പ്രവർത്തനത്തിലൂടെ പല സാഹചര്യങ്ങളിലും വിഷയമേഖലകളിലുള്ള പ്രശ്നങ്ങളുടെ ശേഖരം (ഷെൽഫ് ഓഫ് പ്രോബ്ലംസ് അഥവാ പ്രശ്ന ശേഖരം) ഉണ്ടാക്കിവരുന്നു.


ഹാക്കത്തോണുകളിൽ വരുന്ന പരിഹാരങ്ങളുടെ സാങ്കേതിക ക്ഷമതയും, സാമൂഹ്യ സ്വീകാര്യതയും (ടെക്നോളജി റെഡിനൻസ് ലെവലും, കമ്മ്യൂണിറ്റി റെഡിനൻസ് ലെവലും) ഉറപ്പുവരുത്തി വേണം ഉൽപ്പന്നത്തെ പ്രായോഗിക തലത്തിലേക്ക് കൊണ്ടുപോകേണ്ടത്. ഇതിനായി ഉൽപ്പന്നത്തിന്റെ ആദ്യ മാതൃക നിർമ്മിച്ച്, അതിനെ വസ്തുനിഷ്ഠമായ വിശകലനം ചെയ്ത്, അതിനകത്ത് എന്തെല്ലാം ഫീച്ചേഴ്സാണ് വേണ്ടതെന്നും ഏതൊക്കെ പോരായ്മകൾ ഉണ്ടെന്നും കണ്ടെത്തുന്ന പ്രക്രിയ ശാസ്ത്രീയമായി ചെയ്യേണ്ടതുണ്ട്. ഈ പ്രക്രിയയ്ക്ക് പിന്തുണസംവിധാനം (hand holding) ആവശ്യമാണ്. ഈ പുതിയ മാതൃകകൾ പരീക്ഷിക്കുന്നതിന് ഇൻകുബേഷൻ സെന്ററുകൾ സഹായകരമാകും. പുതിയ സംരംഭം വിജയമെങ്കിൽ അടുത്ത ഘട്ടമായി അവയെ വിപുലീകരിക്കുകയും സ്റ്റാർട്ട് അപ്പാക്കി വളർത്തുകയും ചെയ്യാം. ഇതിനു പ്രവാസി സംരംഭകരിൽ നിന്നും പണം കണ്ടെത്തുന്നതിനു പ്രൊജക്റ്റ് മാനേജ്മെന്റിനു മുൻകൈയെടുക്കാം. ഹാക്കത്തോൺ മുതൽ ഓരോ ഘട്ടത്തിലും പിഎംയുവിന്റെ ഇടപെടൽ അനിവാര്യമാണ്. ഇതിന്റെ വിവിധ ഘട്ടങ്ങളിൽ പ്രവാസികൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയും.

### 7) ഉന്നതവിദ്യാഭ്യാസം

പത്തനംതിട്ടക്കാർ വിദ്യാസമ്പന്നരാണെങ്കിലും മറ്റു ജില്ലകളെ അപേക്ഷിച്ച് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ താരതമ്യേന കുറവാണ്. മെഡിക്കൽ-എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ ഇതിനൊരു മാറ്റം വന്നിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിലുള്ള ഇടപെടൽ യാന്ത്രികമായി ജില്ലാ അടിസ്ഥാനത്തിൽ ചെയ്യാവുന്ന ഒന്നല്ല. മാവേലിക്കര, ചെങ്ങന്നൂർ, കോട്ടയം, ചങ്ങനാശ്ശേരി തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒറ്റക്കൂട്ടമായി കാണണം. ഒരുപക്ഷേ, എംജി യൂണിവേഴ്സിറ്റി അടിസ്ഥാനത്തിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിവരും.

ചിത്രം 4

പ്രവാസി അക്കാദമിക് സമൂഹവും കേരളത്തിലെ ഉന്നതവിദ്യാഭ്യാസവും



ഏറ്റവും പ്രധാനപ്പെട്ട കാര്യം സന്നദ്ധാടിസ്ഥാനത്തിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിൽ പങ്കാളിയാകാൻ തയ്യാറുള്ള പുറത്തുള്ള അക്കാദമിക്കുകളുടെ സമഗ്രമായൊരു ഡാറ്റാ ബാങ്കിന് അഥവാ റിസോഴ്സ് പ്ലാറ്റ് ഫോമിനു രൂപം നൽകുകയാണ്. മൈഗ്രേഷൻ കോൺക്ലേവ് 2024 ഇത്തരമൊരു സംവാദത്തിനു തുടക്കംകുറിച്ചു കഴിഞ്ഞു. കേരളത്തിനു പുറത്തുള്ള 200-ൽപ്പരം അക്കാദമിക്കുകൾ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ഏതാണ്ടെല്ലാ സർവ്വകലാശാലാ കേന്ദ്രത്തിലും ഇതു സംബന്ധിച്ച് ഒരുവട്ടം ചർച്ച നടത്തിയിട്ടുണ്ട്. മൈഗ്രേഷൻ കോൺക്ലേവ് തുടക്കംകുറിച്ച സംവാദം ഇനിയും മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. ഇതിനു മൈഗ്രേഷൻ കോൺക്ലേവ് പോലുള്ള സംഘാടനമല്ല ഇനിവേണ്ടത്. യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളും കോളേജുകളും മുൻകൈയെടുക്കണം.

ഓരോ ഡിപ്പാർട്ട്മെന്റിനും അവരുടെ പൂർവ്വ വിദ്യാർത്ഥികളും അവരുമായി തങ്ങളുടെ മേഖലയിൽ ബന്ധംപുലർത്തുന്ന പുറത്തുള്ള പണ്ഡിതന്മാരുമായി ഇത്തരമൊരു സഹകരണത്തെക്കുറിച്ച് ഔപചാരികമായ ചർച്ച നടത്തണം. അഫിലിയേറ്റഡ് കോളേജുകളിലെല്ലാം പൂർവ്വവിദ്യാർത്ഥി സംഘടനകളുടെ അഭിമുഖ്യത്തിൽ ഇതുപോലുള്ള സംവാദങ്ങൾ സംഘടിപ്പിക്കണം. ഇതിലൂടെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനു സഹകരിക്കാൻ തയ്യാറുള്ളവരുടെ സമഗ്രവിവരശേഖരണം തയ്യാറാക്കുന്നതിനും അവ ഡാറ്റാ പ്ലാറ്റ് ഫോമിൽ ലഭ്യമാക്കുന്നതിനും കഴിയും. ഇത്തരം സംവാദങ്ങൾക്കുള്ള ഡിജിറ്റൽ പ്ലാറ്റ് ഫോം പിഎംയു ലഭ്യമാക്കും.

ഏതെല്ലാം തരത്തിലുള്ള സഹകരണമാണ് ഇന്നത്തെ യൂണിവേഴ്സിറ്റി ചട്ടക്കൂടിനുള്ളിൽ സാധ്യമാകുന്നത്? ഒന്ന്, കേരളത്തിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ മുൻകൈയെടുത്തുകൊണ്ട് അവരുടെ വിഷയവുമായി ബന്ധപ്പെട്ട് നാലോ അഞ്ചോ പേർ പങ്കെടുക്കുന്ന ഏകദിന വെബിനാറുകൾ സംഘടിപ്പിക്കാനാകും. ഇന്ന് ഇത്തരം ഗൗരവമായ ചർച്ചകൾ കേരളത്തിൽ വളരെ പരിമിതമായേ നടക്കുന്നുള്ളൂ. ഗവേഷണ വിദ്യാർത്ഥികൾക്കു തങ്ങളുടെ പ്രബന്ധങ്ങൾ ഏറ്റവും പ്രഗത്ഭരായ പണ്ഡിതരുടെ മുന്നിൽ അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും ഇതുവഴി അവസരം ലഭിക്കുന്നു.

രണ്ട്, മലയാളി പണ്ഡിതർ കേരളം സന്ദർശിക്കുമ്പോൾ അഫിലിയേറ്റഡ് കോളേജുകളും ഡിപ്പാർട്ട്മെന്റുകളും സന്ദർശിക്കുന്നതിനും കുട്ടികളുമായും അധ്യാപകരുമായും സംവദിക്കുന്നതിനും സൗകര്യങ്ങൾ സൃഷ്ടിക്കണം. നമുക്ക് ഇപ്പോൾ എറുഡിറ്റ് പ്രോഗ്രാം, സ്കോളർ ഇൻ റസിഡൻസ് തുടങ്ങിയ ഏതാനും പരിമിതമായ സ്കീമുകളാണുള്ളത്. റിസോഴ്സ് ഡാറ്റാ പ്ലാറ്റ് ഫോമിൽ നിന്നും പുറത്തുള്ള പണ്ഡിതരുടെ വിശദാംശങ്ങൾ പരിശോധിച്ച് താല്പര്യമുള്ളവരെ ഇത്തരം സെമിനാറുകൾക്കും സംവാദങ്ങൾക്കും വേണ്ടി കോളേജുകൾക്കും ഡിപ്പാർട്ട്മെന്റുകൾക്കും ക്ഷണിക്കാനാകും.

മൂന്ന്, നാലുവർഷ ബിരുദ കോഴ്സിലേക്കു പോകുമ്പോൾ സ്റ്റുഡന്റ്സ് സെമിനാറുകൾ കോഴ്സിന്റെ ഭാഗമാവുകയാണ്. ഇത്തരം സെമിനാറുകളിലേക്ക് ഓൺലൈനായി പങ്കെടുക്കുന്നതിന് പ്രവാസി അക്കാദമിക്കുകളെ ക്ഷണിക്കാൻ കഴിയും.

നാല്, കേരളത്തിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് പുറത്തുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉപദേശക കൗൺസിലുകൾക്കു രൂപം നൽകാനാകും. ഗവേഷണ വിഷയങ്ങൾ ഇത്തരത്തിൽ അന്തർദേശീയതലത്തിലെ വിദഗ്ദരുമായി സംവദിക്കുന്നതിനുള്ള അവസരം വിദ്യാർത്ഥികൾക്കു ലഭിക്കും.

അഞ്ച്, വിജ്ഞാനത്തെ ഇന്നവേഷനുകളായി രൂപാന്തരപ്പെടുത്തുന്നതിന് മെന്റർമാരുടെ സംഘങ്ങൾക്കു രൂപം നൽകാനാകും. കുട്ടികൾക്കുള്ള കൗൺസിലിംഗിൽ പങ്കാളികളാകാം.

ഇതുപോലെ ഒട്ടേറെ ഭാവനാപൂർണ്ണമായ സഹകരണം പ്രവാസി അക്കാദമിക്കുകളുമായി സാധ്യമാണ്. നമ്മുടെ ഈ വലിയ പ്രവാസി സമ്പത്ത് ഉപയോഗപ്പെടുത്തിക്കൊണ്ടല്ലാതെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണപരമായ പരിവർത്തനം സാധ്യമല്ല.

8) വയോജന സംരക്ഷണം

പ്രവാസികളുടെ വീടുകളിലെ വയോജനങ്ങളുടെ സംരക്ഷണം പത്തനംതിട്ട പോലുള്ള ജില്ലകളിൽ ഗൗരവമായ സാമൂഹ്യപ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കുട്ടികളും വിദേശത്തു പഠിക്കാൻ പോകുന്നതുകൊണ്ട് പ്രായംചെന്നവർ വീട്ടിൽ ഒറ്റയ്ക്കാകും. അവരെയും വിദേശത്തേക്കു കൊണ്ടുപോകാനുള്ള പ്രവണതയും കണ്ടുതുടങ്ങിയിട്ടുണ്ട്. ഇതാവട്ടെ വലിയ സാമ്പത്തിക ഭാരം സൃഷ്ടിക്കുന്നതാണ്. തങ്ങൾക്കു പരിചിതമായ നാട്ടിൽ തന്നെ ജീവിക്കുന്നതിനാകും നല്ലൊരുപങ്ക് വയോജനങ്ങളും കൂടുതൽ ഇഷ്ടപ്പെടുക. പാശ്ചാത്യരാജ്യങ്ങളിൽ ലഭിക്കുന്ന ഗുണനിലവാരമുള്ള വയോജന പിന്തുണ നാട്ടിൽ നൽകാൻ കഴിയുമോയെന്നതാണു വെല്ലുവിളി.

ജില്ലയിൽ ആവിഷ്കരിക്കാൻ ശ്രമിക്കുന്ന സമഗ്ര വയോജന സൗഹൃദ പരിപാടിയുടെ ഭാഗമായിരിക്കും പ്രവാസി കുടുംബങ്ങൾക്കു വേണ്ടിയുള്ള പുതിയ സ്കീം എന്നത് ആദ്യം തന്നെ വ്യക്തമാക്കട്ടെ. ജില്ലയിൽ ഇപ്പോൾ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതി പ്രകാരം പ്രവാസികളെ മൂന്നായി തിരിച്ച് ഓരോ വിഭാഗത്തിനും പ്രത്യേക പിന്തുണ നൽകുന്നതിനാണു ശ്രമിക്കുന്നത്. ഏതാണ്ട് ആരോഗ്യമുള്ള 75 വയസിൽ താഴെ പ്രായമായ വയോജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാന പ്രശ്നം അർത്ഥപൂർണ്ണമായി സാമൂഹ്യ മേഖലയിൽ പ്രവർത്തിക്കാനുള്ള അവസരമുണ്ടാകലാണ്. ഓരോരുത്തരുടെയും കഴിവിനും പരിചയത്തിനുമുതകുന്ന പ്രവർത്തനങ്ങൾ അവരെ ഏൽപ്പിച്ചുകൊടുക്കാനാകണം. ഇതിനു ടാലന്റ് ബാങ്കുകൾ രൂപീകരിക്കണം.

കിടപ്പു രോഗികളായിട്ടില്ലെങ്കിലും തങ്ങളുടെ വീടിന്റെ പരിസരപ്രദേശത്തിനു പുറത്തുപോകാത്ത മറ്റൊരു വലിയ വിഭാഗമുണ്ട്. അവർക്ക് പരിസരത്ത് തണൽ ഇടങ്ങൾ വേണം. ആദ്യവിഭാഗവും ഇവരും ചേർന്നുള്ള അയൽക്കൂട്ടങ്ങൾക്ക് ആസ്ഥാനമായി വാർഡുകൾതോറും വയോക്ലബ്ബുകളും ഉണ്ടാകണം. പകൽ വീടുകൾ അല്ല ഇവ. സായാഹ്നങ്ങളിൽ ഒത്തുചേരാനുള്ള ഇടങ്ങളാണ് ഇവ. വിപുലമായ പാർക്കുകളും വയോജന സൗഹൃദമായ നടപ്പാതകളും ഉണ്ടാകും. വീടും മറ്റു കെട്ടിടങ്ങളും വയോജന സൗഹൃദമാക്കേണ്ടതുണ്ട്. പൊതുസ്ഥാപനങ്ങൾ വയോജന കാഴ്ചപ്പാടിൽ ഓഡിറ്റ് ചെയ്യപ്പെടണം.

മൂന്നാമത്തെ വിഭാഗം പാലിയേറ്റീവ് പരിചരണം വേണ്ട പ്രായാധിക്യമുള്ളവരോ രോഗികളോ ആണ്. ഇവരെ സഹായിക്കുന്നതിന് ആശുപത്രികളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും പാലിയേറ്റീവ് വിഭാഗങ്ങളുണ്ട്. അതിനേക്കാൾ പ്രധാനപ്പെട്ടത് അതിവിപുലമായ സന്നദ്ധാടിസ്ഥാനത്തിലുള്ള പാലിയേറ്റീവ് ശൃംഖലയാണ്. ഇത് പത്തനംതിട്ട ജില്ലയുടെ ഒരു സവിശേഷതയായിട്ടുണ്ട്. ഇതിനു പുറമേ വയോജന മന്ദിരങ്ങൾ പലതുണ്ട്.

എല്ലാ വിഭാഗത്തിൽപ്പെട്ട വയോജനങ്ങളെയും, പ്രത്യേകിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ളവരെ ഒറ്റ ഡിജിറ്റൽ ഗ്രിഡ്ഡിൽ കൊണ്ടുവരേണ്ടതുണ്ട്. ഇതു സംബന്ധിച്ച് മൈഗ്രേഷൻ കോൺക്ലേവിൽ കേരളത്തിലെ ആദ്യത്തെ സ്റ്റാർട്ട് അപ്പ് എന്നു വിശേഷിപ്പിക്കുന്ന സംരംഭകന്റെ ശ്രദ്ധേയമായ ഒരു അവതരണം ഉണ്ടായിരുന്നു. അതുപോലെ തന്നെ എഐ സാങ്കേതികവിദ്യ പാലിയേറ്റീവ് മോണിറ്ററിംഗിന് ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ചും അവതരണങ്ങൾ ഉണ്ടായിരുന്നു. ഈ നൂതന സാങ്കേതികവിദ്യകൾ പത്തനംതിട്ട ജില്ലയിൽ എൻഎച്ച്എം-ന്റെ സഹായത്തോടെ വ്യാപിപ്പിക്കുന്നതിനു ശ്രമിക്കും.

നിലവിലുള്ള പാലിയേറ്റീവ് നെറ്റവർക്കുകൾ സൗജന്യസേവനമാണു നൽകുന്നത്. അത് അങ്ങനെ തന്നെ തുടരും. കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യും. അതോടൊപ്പം സേവന ഫീസ് വാങ്ങിക്കൊണ്ട് താല്പര്യപ്പെടുന്ന വയോജനങ്ങൾക്ക് അവർ ആഗ്രഹിക്കുന്ന രീതിയിലുള്ള പാലിയേറ്റീവ് സേവനം നൽകുന്നതിനുള്ള പ്രത്യേകം സംവിധാനത്തിനും രൂപം നൽകും. ഇതിന്റെ പ്രത്യേകത ഓരോ വീട്ടിലേയും വയോജനങ്ങളുടെ പ്രത്യേക ആരോഗ്യപ്രശ്നങ്ങളെ മാനേജ് ചെയ്യുന്നതിനു കസ്റ്റമൈസ്ഡ് പരിശീലനം നൽകിയ കെയർ ഗീവേഴ്സിനെയാണ് നിയോഗിക്കുക. ആവശ്യമെങ്കിൽ ഡയറ്റ് ഫുഡും ഹൗസ് കീപ്പിംഗ് സേവനങ്ങളും നൽകും. ആശുപത്രി സേവനങ്ങളും ഉറപ്പുനൽകും.

ഇതിന് ജില്ലയിലെ മെഡിക്കൽ കോളേജുകളുടെയും പ്രധാന ആശുപത്രികളുടെയും ഒരു കൺസോർഷ്യത്തിനു രൂപം നൽകും. കെയർ ഗീവേഴ്സിന്റെ പരിശീലനമായിരിക്കും ഇവരുടെ പ്രധാന ചുമതല.

അതുപോലെതന്നെ കെയർ ഗീവേഴ്സിനു നൽകാൻ കഴിയുന്നതിനപ്പുറമുള്ള ആരോഗ്യ സേവനങ്ങളും ഉപദേശങ്ങളും ലഭ്യമാക്കുകയും ആവശ്യമെങ്കിൽ ആശുപത്രി പരിചരണം നൽകുകയും ചെയ്യും. നിലവിലുള്ള പാലിയേറ്റീവ് പരിചരണം സന്നദ്ധസംഘടനകളുടെയും വയോജന പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കീഴിൽ തന്നെയായിരിക്കും തുടരുക. എന്നാൽ പ്രവാസി കുടുംബങ്ങളിലെ വയോജനങ്ങൾക്കു വേണ്ടിയുള്ള പെയ്ഡ് സേവനം പിഎംയുവിന് ആയിരിക്കും.

പ്രൊജക്ട് മാനേജ്മെന്റ് ടീമിനു കീഴിൽ ഇതിനായി പ്രത്യേക സംവിധാനമുണ്ടാക്കും. കുടുംബശ്രീ ആയിരിക്കും മുഖ്യ നടത്തിപ്പ് ഏജൻസി. നിലവിലുള്ള പാലിയേറ്റീവ് നെറ്റവർക്കുകളോടു യോജിച്ചായിരിക്കും ഈ പ്രവർത്തനം ഏറ്റെടുക്കുക. ഏതാനും മാസങ്ങൾക്കുള്ളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ വയോജന സൗഹൃദ പരിപാടി ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാലിക്കുന്നതിന് സർക്കാർ തലത്തിൽ ആലോചന നടക്കുന്നുണ്ട്. ഇത് ഒരു ക്യാമ്പയിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ആധുനികമായ സാങ്കേതികവിദ്യകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര വയോജന പരിപാടി ആവിഷ്കരിക്കുന്നതിനുള്ള സാധ്യത തുറക്കുന്നു.

**9) നടത്തിപ്പിനുള്ള സംഘടന**

ജില്ലാതല പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് ഇവിടെ വിഭാവനം ചെയ്യുന്ന പരിപാടി നടപ്പാക്കുന്നതിന് ഒരു നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. പ്രവാസികളുമായിട്ട് തൊഴിൽ സാധ്യതകൾ, സംരംഭകത്വ വികസനം, ഉന്നതവിദ്യാഭ്യാസ പിന്തുണ, പാലിയേറ്റീവ് ആവശ്യങ്ങൾ എന്നിവയെക്കുറിച്ച് അറിയാൻ നിരന്തരമായി ബന്ധപ്പെടാൻ കഴിയുന്ന ഒരു പ്രൊഫഷണൽ സംഘമായിരിക്കണം ഇവർ. എഐ അടക്കമുള്ള നൂതനവിദ്യകളെക്കുറിച്ചു പ്രാവീണ്യം വേണം. നൈപുണി പരിശീലന കേന്ദ്രങ്ങൾ, സംരംഭക സഹായ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായും നിരന്തരമായ ബന്ധം ഇവർ പുലർത്തേണ്ടതുണ്ട്.

വളരെ പരിചയസമ്പത്തുള്ള ഒരു മിഷൻ കോർഡിനേറ്റും, അഞ്ച് അസിസ്റ്റന്റ് മിഷൻ കോർഡിനേറ്റർമാരും പത്ത് പ്രോഗ്രാം മാനേജർമാരും അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫും തുടക്കത്തിൽ ഈ മിഷനു വേണ്ടിവരും. കെ-ഡിസ്കിനും നോളഡ്ജ് ഇക്കണോമി മിഷനുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

പിഎംയുവിന് ആവശ്യമായ ഫണ്ടിന്റെ ഗണ്യമായൊരു ഭാഗം മൈഗ്രേഷൻ കോൺക്ലേവിന്റെ വെബ് സൈറ്റിലെ വെർച്വൽ എക്സിബിഷൻ സ്റ്റാളുകളിൽ നിന്ന് ഉണ്ടാക്കാനാകുമെന്നാണു കരുതുന്നത്. കെ-ഡിസ്ക്, കുടുംബശ്രീ മിഷൻ, കെഎസ്ഐഡിസി, തദ്ദേശഭരണ സ്ഥാപനങ്ങൾ, സിഎസ്ആർ ഫണ്ടുകൾ തുടങ്ങിയവയിൽ നിന്ന് ബാക്കിയുള്ള ഫണ്ട് സമാഹരിക്കാൻ കഴിയും.

പരിപാടിയുടെ മൊത്തം മോണിറ്ററിംഗിനും വിലയിരുത്തലിനും വേണ്ടി ഒരു ജില്ലാതല സമിതിയുണ്ടാകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, എംപി, എംഎൽഎമാർ, തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ, പ്രവാസി പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, കെ-ഡിസ്കിന്റെയും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും പ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്നതാകും ഈ സമിതി.

പിഎംയു സംവിധാനങ്ങളുടെ രൂപീകരണം വരെ മൈഗ്രേഷൻ കോൺക്ലേവിന്റെ സെക്രട്ടറിയേറ്റ് തുടരും.

ഡിഎകെഎഫ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, മധ്യതിരുവിതാംകൂർ മാനേജ്മെന്റ് അസോസിയേഷൻ, സാങ്കേതിക വിദഗ്ദരുടെ പ്രൊഫഷണൽ സംഘടനകൾ തുടങ്ങിയവയുടെ പിന്തുണ ഉറപ്പുവരുത്തേണ്ടതും പ്രധാനമാണ്.

പത്തനംതിട്ട ജില്ലയിൽ ഇന്നവേഷനും സാങ്കേതിക നവീകരണത്തിനും അനുയോജ്യമായ അന്തരീക്ഷ സൃഷ്ടി പദ്ധതിയുടെ നടത്തിപ്പിന് അത്യാന്താപേക്ഷിതമായ ഘടകമാണ്. ഇതിന് ഏറ്റവും നല്ല അവസരമാണ് കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതി. തിരുവനന്തപുരത്തെ പുല്ലമ്പാറ പഞ്ചായത്തിൽ നടപ്പാക്കിയ ഈ പദ്ധതി കേരളം മുഴുവൻ വ്യാപിപ്പിക്കാനാണു തദ്ദേശഭരണ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. ഇത് ഏറ്റവും ഫലപ്രദമായി മുന്നിൽ നിന്നു പത്തനംതിട്ടയിൽ

നടപ്പാക്കുകയാണെങ്കിൽ ജില്ലയിൽ ഇന്നവേഷൻ അന്തരീക്ഷ സൃഷ്ടിക്ക് ഏറ്റവും ഗുണകരമാകും. ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള മറ്റ രണ്ട് പദ്ധതികളാണ് സമ്പൂർണ്ണ വയോജന സൗഹൃദവും സമ്പൂർണ്ണ ശുചിത്വത്തിന്റെയും ക്യാമ്പയിനുകൾ. ക്രമേണ ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള സൂക്ഷ്മവിവര ശേഖരണത്തിനും അതിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട് ഡാറ്റാ ബെയ്സ് ജില്ലയ്ക്കു സൃഷ്ടിക്കുന്നതിലേക്കും നീങ്ങാം.

വളരുന്ന തലമുറയ്ക്ക് ഇന്നവേഷനിലും സംരംഭകത്വത്തിലും താല്പര്യം സൃഷ്ടിക്കുന്നതിന് എല്ലാ സ്കൂളുകളിലും ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിലൂടെ കഴിയും. മുതിർന്നവർക്കു ഡിജിറ്റൽ സാക്ഷരത നൽകുന്നതിന് അംബാസിഡർമാരാകാൻ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ കുട്ടികൾക്കു കഴിയും. ഇത്തരം പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുന്നതിന് കൈറ്റ്, ഡിഎകെഎഫ്, ശാസ്ത്ര സാഹിത്യ പരിഷത്ത്, കെ.എസ്.ടി.എ പോലുള്ള സംഘടനകൾക്കു വലിയ പങ്കുവഹിക്കാനാകും.

**10) തിരുവല്ല പ്രഖ്യാപനം**

കേരളത്തിന്റെ വിജ്ഞാനസമ്പദ്ഘടനയിലേക്കുള്ള പ്രയാണത്തിൽ പ്രവാസികൾക്ക് ഒരു നിർണ്ണായക പങ്കുവഹിക്കാനാകും എന്നതാണ് മൈഗ്രേഷൻ കോൺക്ലേവ് 2024-ന്റെ ഏറ്റവും പ്രധാനപ്പെട്ട നിഗമനം. ഇത്തരമൊരു സമീപനം പത്തനംതിട്ടയിൽ ഒരു പൈലറ്റ് പ്രൊജക്ടായി പരീക്ഷിക്കാൻ പോവുകയാണ്.

48000-ത്തിൽപ്പരം ആളുകളാണ് പത്തനംതിട്ട ജില്ലയിൽ ജോലിക്കു വേണ്ടി ഇപ്പോൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അവർക്കു മുഴുവൻ ഉചിതമായ നൈപുണി പരിശീലനത്തിലൂടെ പുറത്തു ജോലിയോ വീട്ടിലോ വീടിനടുത്തോ ജോലി നൽകുകയാണ് ഈ പ്രൊജക്ടിന്റെ ലക്ഷ്യം. കേരളത്തിനു പുറത്തുള്ള തൊഴിൽ സാധ്യതകളെ മാപ്പ് ചെയ്യുകയെന്നതായിരിക്കും പ്രവാസികൾ ഏറ്റെടുക്കാൻ പോകുന്ന ദൗത്യം.

ഇന്നവേഷന്റെ അടിസ്ഥാനത്തിലുള്ള വ്യവസായ വികസനത്തിന് പ്രവാസി സഹായത്തോടെ വലിയൊരു ഇടപെടൽ നടത്തുന്നതിന് ഈ പ്രൊജക്ട് ലക്ഷ്യമിടുന്നു. 5000 പുതിയ തൊഴിൽ സംരംഭങ്ങൾ - അതിൽ 1000 എങ്കിലും നൂതനവിദ്യകളെ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ - ജില്ലയിൽ ആരംഭിക്കും. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ നെറ്റ്വർക്ക്, വിദ്യാലയങ്ങളിൽ ഇന്നവേഷൻ ക്ലബ്ബുകൾ എന്നിവ ഇന്നവേഷൻ അന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കും.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന് ലോകത്തെമ്പാടുമുള്ള മലയാളി അക്കാദമിക്കുകളുടെ പിന്തുണ ഉറപ്പാക്കും. ഇതിനു തയ്യാറുള്ള അക്കാദമിക് റിസോഴ്സ് പേഴ്സൺസിനെ മുഴുവൻ ഒരു ഡിജിറ്റൽ പ്ലാറ്റ് ഫോമിൽ ലഭ്യമാക്കും.


പത്തനംതിട്ട ജില്ല സമഗ്ര വയോജന സൗഹൃദ ജില്ലയാക്കി മാറ്റും. ഏറ്റവും നൂതനമായ വിദ്യകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവാസി കുടുംബങ്ങളിലെ വയോജനങ്ങൾക്ക് പാലിയേറ്റീവ് പരിചരണങ്ങളും മറ്റു സേവനങ്ങളും ലഭ്യമാക്കും.

എല്ലാറ്റിനുമുപരി ഇന്നവേഷനും സാങ്കേതിക നവീകരണത്തിനും അനുയോജ്യമായ ഒരു ആവാസ വ്യവസ്ഥ ജില്ലയിൽ സൃഷ്ടിക്കുന്നതിന് പരിശ്രമിക്കും. ജ്ഞാനസമ്പദ്ഘടനയോടൊപ്പം ജ്ഞാനസമൂഹത്തിന്റെ മാനങ്ങളിലേക്കും ഉയരും.

# Associate Organisations


NRI
SERVICES
SOUTH INDIAN Bank
EXPERIENCE NEXT-GEN BANKING
South Indian Bank
NRI Services
Exclusively for our NRI Customers
A magnificent banking experience
with a plethora of unique features.
We are just a phone call away
NRI Service Centre: +91-484-6689600
E-mail: nri@sib.co.in
T&C Apply
www.southindianbank.com | /thesouthindianbank


Muthoot Forex
Explore the World Without Limits
OVER 3000+ OFFICES ACROSS INDIA
SCAN TO KNOW MORE


www.eramskills.in
INDIA'S BEST SKILL CENTER
A NEW WORLD OF SKILLING FOR FUTURE
Eram Skills academy, developed and operated by Eram Group from Dec 5, 2015 onwards.
Highlights of academy
Conducts 3-month and 6-month industry-oriented programs in Oil & Gas and Health care Sector.
- Courses are being Approved by Kerala Academy for Skill Excellence (KASE), National Skill Devel -opment Corporation (NSDC), STED Council.
- Focus on trades like Pipe Fabricators, Welders, Electcians, HVAC Technicians, Scaffolders, Certified Nursing Assistant and Riggers.
Pre-Departure Training (PDOT):
- Conducts essential awareness programs for aspirants traveling to ECR countries, appointed by the Ministry of External Affairs.
Skill Verification Program (SVP):
- Appointed by NSDC and TAKAMOL Saudi Arabiafor testing and certifying candidates seeking jobs in Saudi Arabia.
-Joint certification from Takamol and NSDC.
Additional Skill Acquisition Program (ASAP):
- Operates the Skills Park in Kunnamkulam, Kerala Appointed by the ASAP, Government of Kerala.
Healthcare Verticals:
- Hub partner of Tata Institute of Social Science.
- Offers Certified Nursing Assistant (CNA) training.
International Recognition:
- Designated as the India International Skill Centre (IISC) by NSDC.
- Engages in skilling and placing trainees abroad.
Partnerships and Training:
- Selected by the American Heart Association for Basic Life Support (BLS) and Advanced Cardiovascular Life Support (ACLS) training.
- Collaboration with GESS Education Australia to administer the Australian Certificate 3 program within India.
Global Reach:
- Successfully trained and placed over 1800 individuals in countries like Lithuania, Croatia, Hungary, Poland, Serbia, Czech Republic, Germany, Netherlands, Saudi Arabia, Qatar, Oman, UAE, Kuwait, Nigeria, and Russia.
ERAM SKILLS ACADEMY
INKEL Tower 1, Near TELK, Angamaly South PO, Ernakulam, Kerala, India - 683 573.
Mob: 9526885959 , E-mail: admin@eramskills.in
Web: www.espoiracademy.in , www.eramskills.in


बैंक ऑफ़ बड़ौदा
Bank of Baroda
YOUR GATEWAY TO BOUNDLESS OPPORTUNITIES
BOB NRI POWERPACK ACCOUNT
INTERNATIONAL AIRPORT LOUNGE ACCESS
FREE HEALTH CHECK-UP IN INDIA
Scan for Festive Offers
BOB Ke Sang Tyohaar Ki Umang
SHUBH BHI. LABH BHI
Limited period offer. T&C apply
Call Toll Free No. (24x7): 1800 5700
www.bankofbaroda.in
Follow us on


केनरा बैंक
Canara Bank
A Government of India Undertaking
Together We Can
Khushiyon ki Bahar, Apke Dwar
ZERO PROCESSING & DOCUMENTATION CHARGES
HOME LOAN 8.40%* p.a.
VEHICLE LOAN 8.70%* p.a.
AT LOWER & ATTRACTIVE INTEREST RATES
*T&C Apply
SCAN TO APPLY
1800 1030
www.canarabank.com


KSFE Pravasi Chits
KSFE
പ്രവാസി ചിട്ടി
An initiative by the Govt. of Kerala for KIIFB Projects
accelarating your
FINANCIAL GROWTH
seamlessly
25 months
200000 x 25 = 50 lakhs
80000 x 25 = 20 lakhs
40000 x 25 = 10 lakhs
20000 x 25 = 5 lakhs
16000 x 25 = 4 lakhs
8000 x 25 = 2 lakhs
4000 x 25 = 1 lakh
40 months
125000 x 40 = 50 lakhs
50000 x 40 = 20 lakhs
25000 x 40 = 10 lakhs
12500 x 40 = 5 lakhs
5000 x 40 = 2 lakhs
2500 x 40 = 1 lakh
60 months
30000 x 60 = 18 lakhs
20000 x 60 = 12 lakhs
10000 x 60 = 6 lakhs
100 months
10000 x 100 = 10 lakhs
25000 x 100 = 25 lakhs
Contact.............
+91-471-6661888
+91-471-4449111
www.pravasi.ksfe.com
Whatsapp.......
+91 9446002114
+91 9447097907
pravasi@ksfe.com




Dhanlaxmi Bank

# NRE ELITE ACCOUNT & NRO ELITE ACCOUNT

As an NRI, your contribution to the nation's economy is enormous. At Dhanlaxmi Bank, we take pride in our longstanding relationship with NRIs. To make our relationship even stronger, we bring you the NRE Elite Account & NRO Elite Account. Welcome to a world of benefits, rewards and happiness.

**NRE Elite Account**

- Free unlimited at par cheque books
- Free monthly account statement
- Visa Classic International Debit Card with Rs. 50,000 daily limit for ATM withdrawal and Rs. 1,00,000 daily limit for POS/Shopping
- Free unlimited cash withdrawal through branches
- Free RTGS / NEFT facility available
- Free Mobile banking
- Free Internet banking
- Free Email alerts

**NRO Elite Account**

- Free personalised cheque book (20 leaves) per year
- Rupay Platinum Domestic Debit Card facility with fabulous features including Free Domestic Lounge Access (2 Access per year), Personal Accident coverage & merchant offers
- RuPay Platinum Debit Card with Rs. 50,000 ATM withdrawal limit and Rs. 1,00,000 POS limit for NRO account
- Free unlimited cash withdrawal through branches
- Free RTGS / NEFT facility available through branch and Net banking
- Free Internet banking & Mobile banking
- Free Demand Draft facility*
- Free Email alerts
- Free monthly Email statement and alerts

*T&C apply

Corporate Office: Dhanlaxmi Bank Ltd., Punkunnam, Thrissur, Kerala – 680 002, NRI Cell No. 0487 7107481, Mob: 96338 80022, Customer Care No. 044 42413000
Email: customercare@dhanbank.co.in

DhanlaxmiBank established 1927

*Banking on Relationships forever*




# MEDICAL & HEALTHCARE CENTRE

## SPECIALIST DEPARTMENT

General Medicine | Paediatrics | General Surgery
Orthopaedics | Pulmonary Medicine | Dermatology
Obstetrics & Gynaecology | ENT | Psychiatry

## SUPERSPECIALITY DEPT

Nephrology | Urology | Cardiology





ADVANCED HEALTHCARE THAT ACTUALLY CARES · S.A MEDICAL COLLEGE AND RESEARCH FOUNDATION · MANAGED BY SAMARIA MEDICITY PRIVATE LIMITED

# SREE AYYAPPA MEDICAL COLLEGE HOSPITAL

*Vadasserikkara*

8848106102 pro@samedicalcollege.com samcrfpro@gmail.com